# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2025-26

ബഹുമാന്യരെ,

2020 ഡിസംബർ മാസം അധികാരത്തിൽ വന്ന ഈ ഭരണസമിതിയുടെ 5-ാംമത്തെ ബജറ്റാണ് ഇന്നിവിടെ അവതരിക്കപ്പെടുന്നത്. ഇതിനുള്ള അവസരം ലഭിച്ചതിനുള്ള സന്തോഷം പ്രകടിപ്പിക്കുന്നതോടൊപ്പം ഇതിന് സാഹചര്യം ഒരുക്കിയ പ്രസിഡണ്ടിനോടും, ഭരണസമിതിയോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ.

**ആമുഖം**

പഞ്ചായത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിലും വിലയിരുത്തുന്നതിനുമുള്ള സുപ്രധാന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം ഇത്തരുണത്തിൽ ഓർമ്മിക്കുന്നു. 2025-26 വർഷത്തേക്കുള്ള ഈ ബജറ്റിൽ അഞ്ച് സുപ്രധാന മേഖലകൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്.

A. **അടിസ്ഥാനസൌകര്യ വികസനം** - നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രാദേശിക പശ്ചാത്തലവികസന പ്രവർത്തനങ്ങൾക്കാണ് മൊത്തം പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് വിനിയോഗിക്കുന്നത്. നീതിപൂർവ്വമായ തെരഞ്ഞെടുപ്പും കാര്യക്ഷമമായ നിർവ്വഹണം ഈ ബജറ്റ് ലക്ഷ്യമിടുന്നു.

B. **സാമൂഹ്യക്ഷേമം** - ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നീ കാര്യങ്ങൾ ഒരു പുരോഗമന സമൂഹത്തിന്റെ സൃഷ്ടിക്ക് ഏറെ പ്രധാനപ്പെട്ടതാണ്. അസമത്വം പരമാവധി കുറച്ചുകൊണ്ടുവരാനും അവസര തുല്യത ഉറപ്പാക്കാനുമുള്ള പരിശ്രമം ഈ ബജറ്റിന്റെ സവിശേഷതയായി കാണാം.

D. സാമ്പത്തിക വികസനവും, സംരംഭത്വ പ്രോത്സാഹനവ
അടിസ്ഥാന സൌകര്യം വികസിപ്പിക്കുന്നത് അനുസരിച്ച് അവയെക്കൂടി പ്രയോജനപ്പെടുത്ത പൌരന്മാരുടെ വരുമാന വർദ്ധനയ്ക്കും പുതി സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലൂ കൂടുതൽ തൊഴിലും വരുമാനവും കണ്ടെത്തുന്നതി ഈ ബജറ്റ് ലക്ഷ്യമിടുന്നു.

E. പരിസ്ഥിതിസംരക്ഷണം- ഗോളാത്മക ആരോഗ്യനിലയ പാരിസ്ഥിതിക വെല്ലുവിളികളും മുഖ്യ ആശങ്കകളായ മനുഷ്യവംശത്തിന്റെ തന്നെ നിലനിൽപ്പ് അപകടപ്പെടുന സ്ഥിതിയിലാണ് ഉള്ളത്. ഉൽപ്പാദന ഉപഭോഗ രീതിക മൂലമുണ്ടാക്കുന്ന പരിസ്ഥിതിനാശം കൈകാര്യ ചെയ്യുന്നതിന് രാജ്യ-രാജ്യാന്തര ഇടപെടലുകളോടൊപ്പ പ്രാദേശിക ഇടപെടലുകളും അനിവാര്യമാണെന തിരിച്ചറിവിൽ നിന്നുകൊണ്ട് പരിസ്ഥിതി- ജൈവ ആവാസ വ്യവസ്ഥ സംരക്ഷണം നാം വിഭാവന ചെയ്യുന്നു.

F. ജെൻഡർ ബജറ്റിംഗ് സമീപനം - അന്തർദേശീയ ദേശീയ തലങ്ങളിൽ വളരെ കാലത്തെ ശ്രമ ഫലമായാണ് ജെൻഡർ പ്ലാനിംഗ്, ജെൻഡർ ബജറ്റ്, ജെൻഡർ ഓഡിറ്റ് എന്നീ ആശയങ്ങൾ രൂപപ്പെട്ടത്. തദ്ദേശ സ്ഥാപനങ്ങൾ ഈ പേരിലലെങ്കിലും വനിതാ ഘടക പദ്ധതി എന്ന പേരിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. ജനസംഖ്യുടെ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപ്പിലാക്കുന്ന എല്ലാ പൊതു പദ്ധതികളിലും സ്ത്രീ പരിഗണന ഉണ്ടാകാൻ നാം ശ്രദ്ധാപൂർവ്വം ഇടപെടും.

എല്ലാവർക്കും വീട്

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ വിവിധ ഭവനനിർമ്മാണങ്ങളിൽ വീടുകൾക്ക് അപേക്ഷ സമർപ്പിച്ചവരിൽ സർക്കാർ മാനദണ്ഡപ്രകാരം അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകിക്കൊണ്ട്

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ചരിത്രം സൃഷ്ടിക്കുന്നു. നാളിതുവരെ 89 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ വീട് പണി പൂർത്തീകരിച്ചു കഴിഞ്ഞു. 35 വീടുകളുടെ പണി പുരോഗമിച്ചു വരുന്നു. പി.എം.എ).വൈ പദ്ധതി പ്രകാരം നാല് കുടുംബങ്ങളും എഗ്രിമെന്റ് വെച്ച് വീടുപണി ആരംഭിച്ചു വരുന്നു. ഇതിനു പുറമെ മനസ്സോടിത്തിരി മണ്ണ് പദ്ധതി പ്രകാരം കീഴൽ സ്വദേശി പി.പി. പ്രഭാകരൻ മാസ്റ്ററും കുടുംബവും സംഭാവന നൽകിയ 15 സെന്റ് സ്ഥലത്ത് നാല് കുടുംബങ്ങൾക്ക് സ്ഥലം അനുവദിച്ചു. ഈ സ്ഥലത്ത് വീട് പണിയാനുള്ള എഗ്രിമെന്റ് വെച്ച് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ മൊത്തം ആറ് എസ്.സി കുടുംബങ്ങളടക്കം 132 വീടുകളാണ് ഇങ്ങനെ ഉയർന്നു വരുന്നു എന്നത് ഏറെ അഭിമാനകരവും ആഹ്ലാദകരവുമാണ്. പണി പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്കുള്ള മുഴുവൻ ആനുകൂല്യവും നൽകുന്നതിനായി 64,38,600/- രൂപ വകയിരുത്തുന്നു. പി.എം.എ)..വൈ. പദ്ധതി വിഹിതം നൽകാനായി 2,80,000/- രൂപ വകയിരുത്തുന്നു. പട്ടികജാതി മേഖലയിലെ ലൈഫ് ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണത്തിനായി 3,00,000/-രൂപയും എസ്.സി ഭവനപുനരുദ്ധാരണ പദ്ധതിക്ക് 3,00,000/-രൂപയും വകയിരുത്തുന്നു. ഇങ്ങനെ വിവിധ ഭവനപദ്ധതികൾക്കായി 73,18,600/-രൂപ നീക്കിവെക്കുന്നു. കഴിഞ്ഞ 5 വർഷം കൊണ്ട് നമ്മുടെ പഞ്ചായത്തിനെ ഭവനരഹിതരില്ലാത്ത പഞ്ചായത്താക്കി ഉയർത്താൻ കഴിയുന്നു എന്നത് ഏറെ അഭിമാനകരം തന്നെയാണ്.

<u>അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടുന്നു</u>.

ഈ വർഷത്തോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി നമ്മുടെ കൊച്ചു കേരളം മാറാൻ പോവുകയാണല്ലോ. നമ്മുടെ പഞ്ചായത്തിലും ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്ന നിമിഷങ്ങൾ വന്നു ചേരുകയാണ്. വിവിധ പരിശോധനകളിലൂടെ നാം കണ്ടെത്തിയ 79 കുടുംബങ്ങളുടെ

ഭവനനിർമ്മാണം, ചികിത്സ, മരുന്ന്, വിദ്യാഭ്യാസം തൊഴിലെടുക്കുവാൻ കഴിയുന്നവർക്ക് വരുമാനം എന്ന് ആവശ്യങ്ങൾ നമ്മൾ പരിഗണിച്ച് നാം മുന്നേറുകയാണ് തുടർന്നുള്ള ഇവരുടെ ആവശ്യങ്ങൾ പരിഗണിച്ച് ഇ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് 20,000/-രൂപയും ചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ഒരു ലക്ഷം രൂപയും നിലവിൽ മരുന്ന് കഴിക്കുന്നവർക്ക് അത് ലഭ്യമാക്കാൻ 1,70,000/-രൂപയും, ഭക്ഷണം ആവശ്യമുള്ളവർക്ക് ഭക്ഷണം ലഭ്യമാക്കാൻ 1,29,000/ രൂപയും നീക്കി വെക്കുന്നു. ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് 1,50,000/-രൂപയും അതിദരിദ്ര ആശ്രയ കുടുംബങ്ങൾക്ക് യൂസർഫീ നൽകുന്നതിനായി 50,000/-രൂപയും നീക്കി വെക്കുന്നു.

<u>പുതിയ സംരംഭങ്ങളിലൂടെ</u>

പുതിയ സംരംഭങ്ങളിലൂടെ തൊഴിൽ മേഖലയ്ക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ മുന്തിയ പരിഗണനയാണ് കേരളം നൽകിക്കൊണ്ടിരിക്കുന്നത്. വിജ്ഞാന സമ്പത് വ്യവസ്ഥ കെട്ടിപടുക്കുന്നതിലൂടെ സംസ്ഥാനത്തെ അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാറിന്റെ പരിശ്രമങ്ങൾക്ക് ബഹുദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞതിന്റെ തെളിവാണ് ഇന്ത്യയിലെ ഏറ്റവും വലിയ സംരംഭകത്വ പ്രോത്സാഹന സംസ്ഥാനമായി നമുക്ക് മാറാൻ കഴിഞ്ഞതിന്റെ അംഗീകാരം കേരളത്തെ തേടിയെത്തിയത്. ഇതിൽ ഒരു പങ്ക് വഹിക്കാൻ പുതിയ സംരംഭങ്ങൾ ആരംഭിക്കുക വഴി നമ്മുടെ പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്. ഈ വർഷം വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ 15 ലക്ഷം രൂപ വകയിരുത്തുന്നു. വനിതകൾക്ക് ശിങ്കാരിമേള യൂണിറ്റ് തുടങ്ങുന്നതിന് 5 ലക്ഷം രൂപയും നിലവിലെ കുടുംബശ്രീ സംരംഭമായ ജനകീയഹോട്ടലിന്റെ വാടക നൽകാനായി ഒരു ലക്ഷം രൂപയും നീക്കി വെക്കുന്നു. ഈ മൂന്ന് ഇനങ്ങൾ വഴി

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതോടൊപ്പം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതു കൂടി നാം ലക്ഷ്യമിടുന്നു.

<u>ഉൽപ്പാദനമേഖല</u>

<u>കൃഷി</u> - വർദ്ധിച്ച ഉൽപ്പാദനച്ചെലവ് കീടങ്ങളുടെയും, വന്യമൃഗങ്ങളുടെയും ശല്യം, രോഗബാധ തുടങ്ങിയ പ്രതിസന്ധികളൊക്കെയുണ്ടെങ്കിലും കാർഷികമേഖലയിൽ ഇതിനെയൊക്കെ അതിജീവിച്ച് മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറി, നാളീകേരം തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം ആരംഭിച്ച പൂകൃഷി പദ്ധതി ഏറ്റെടുത്ത സംഘങ്ങളൊക്കെ വിജയകരമായി നടപ്പിലാക്കാനും വരുമാനം ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക ഉൾപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യപ്പെടുന്നു. ഈ വർഷവും കാർഷികമേഖലയ്ക്ക് കൂടുതൽ കരുത്തേകുന്ന വ്യത്യസ്ത പദ്ധതികളാണ് നാം ആവിഷ്ക്കരിച്ചിട്ടുള്ളത്. ഓണത്തിന് പൂകൃഷി പദ്ധതിക്ക് 40,000/-രൂപയും, പച്ചക്കറി വികസനം ഗ്രൂപ്പുകൾക്ക് 2 ലക്ഷം രൂപയും തെങ്ങിന് ജൈവവളം കുമ്മായം വിതരണം ചെയ്യുന്നതിന് 8 ലക്ഷം രൂപയും സംമ്പൂർണ്ണ കുറ്റികുരുമുളക് പ്രോത്സാഹത്തിന് 2 ലക്ഷം രൂപയും, സമഗ്ര വാഴകൃഷി പ്രോത്സാഹത്തിന് 2.50 ലക്ഷം രൂപയും, മഞ്ഞൾകൃഷി വ്യാപനത്തിന് 3.50 ലക്ഷം രൂപയും, പോഷകതോട്ടനിർമ്മാണത്തിന് 100,132/-രൂപയും, കൃഷിഭവൻ കണ്ടീജന്റ് ചെലവുകൾക്ക് 50,000/-രൂപയും, മൺചട്ടിയിൽ മട്ടുപ്പാവ് കൃഷികൾക്കായി 4 ലക്ഷം രൂപയും നീക്കിവെക്കുന്നു. ആകെ 23,40,132/-രൂപ കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഈ ബജറ്റ് വകയിരുത്തിയിട്ടുണ്ട്. ഇത് കാർഷിക മേഖലയുടെ മുന്നോട്ടുള്ള കുതിപ്പിന് കരുത്തേകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>മൃഗസംരക്ഷണം</u>

മൃഗസംരക്ഷണമേഖലയിൽ നാം നടപ്പാക്കിയ പദ്ധതികൾ വഴി വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. പാൽ,മുട്ട

ഉൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുട്ട, പാൽ എന്നീ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേക്ക് നാം അടുത്തുകൊണ്ടിരിക്കുന്നു. ഈ ബജറ്റിലും മുട്ടക്കോഴി വിതരണത്തിന് 6 ലക്ഷം രൂപ നീക്കിവെക്കുന്നു. പോത്തുകുട്ടി വിതരണത്തിനായി 4 ലക്ഷം രൂപയും, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 3 ലക്ഷം രൂപയും, തെരുവ് നായകളുടെ വന്ധ്യകരണത്തിനായുള്ള എ.ബി.സി പ്രോഗ്രാമിന് 1 ലക്ഷം രൂപയും കൂടി വകയിരുന്നു തെരുവ്നായകളുടെ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനേഷൻ നൽകുന്നതിന് ജില്ലയിൽ തന്നെ എടുത്തു പറയത്തക്ക പുരോഗതി നമ്മൾ കൈവരിച്ചു. നടപ്പു സാമ്പത്തികവർഷം 186 തെരുവ് നായകൾക്ക് പേവിഷബാധ പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. ഈ വർഷത്തിലും ഈ പദ്ധതിക്കായി 50,000/-രൂപ നീക്കിവെക്കുന്നു. കന്നുകുട്ടിപരിപാലനത്തിന് 6 ലക്ഷം രൂപയും, പശുവളർത്തലിന് 6 ലക്ഷം രൂപയും (വായ്പാബന്ധിതം) വകയിരുത്തുന്നു. 26,50,000/-രൂപ മൃഗസംരക്ഷണത്തിനായ് അടുത്തവർഷത്തേക്ക് നീക്കിവെക്കുന്നു.

## ക്ഷീരവികസനം

പാലിന് ഇൻസെന്റീവ് നൽകുന്നതിനായി 7 ലക്ഷം രൂപയും, കാലിത്തീറ്റ സബ്സിഡിക്കായ് 10 ലക്ഷം രൂപയും വകയിരുത്തുന്നു.

## വയോജനസൌഹൃദ പഞ്ചായത്ത്

വയോജനസൌഹൃദ പഞ്ചായത്ത് എന്ന ദിശയിലേക്ക് നാം നടന്നടുത്തുകൊണ്ടിരിക്കുന്നു. ആയുർദൈർഘ്യം കൂടുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ എണ്ണം കൂടുകയാണ്. ചെറുപ്പക്കാർ വിദ്യാഭ്യാസത്തിനും ജോലിക്കുമായി വിദേശ രാഷ്ട്രങ്ങളെ ആശ്രയിക്കുന്നതിനാൽ വീടുകളിൽ അവർ ഒറ്റപ്പെടുന്ന അവസ്ഥയും ഉണ്ടാകുന്നുണ്ട് വാർദ്ധക്യകാലത്തെ ശാരീരിക മാനസികാരോഗ്യ സംരക്ഷണം വളരെയേറെ പ്രാധാന്യം അർഹിക്കുന്നു

വയോജനങ്ങൾക്ക് വേണ്ടി നിർമ്മിച്ച പകൽവീടിന് അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി 2 ലക്ഷം രൂപയും, പകൽവീട് പരിപാലനത്തിന് 50,000/-രൂപയും വകയിരുത്തുന്നു. പഞ്ചായത്തിനാകെ രൂപപ്പെടുന്ന വയോക്ലബ്ബുകളുടെ പരിപാലനത്തിനായി 1 ലക്ഷം രൂപ നീക്കിവെക്കുന്നു. വയോജങ്ങളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് അവരുടെ മാനസികോല്ലാസത്തിനായും എല്ലാവർഷവും നാം വയോജനകലോൽസവും സംഘടിപ്പിച്ചുവരികയാണ്. ഈ വർഷം കലോൽസവം സംഘടിപ്പിക്കുന്നതിനായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി വികസനം

പട്ടികജാതി വികസനത്തിന് എന്നും നാം മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. നേരത്തെ പ്രഖ്യാപിച്ച പട്ടികജാതി വിഭാഗത്തിനുള്ള 3 ലക്ഷം രൂപയുടെ ഭവനനിർമ്മാണ പദ്ധതിക്കും, 3 ലക്ഷം രൂപയുടെ ഭവനപുനരുദ്ധാരണ പദ്ധതിക്കും പുറമെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 3,20,000/- രൂപയും എസ്.സി സ്കോളർഷിപ്പ് നൽകുന്നതിനായി 2,45,000/-രൂപയും, വിവാഹധനസഹായത്തിന് 1,25,000/- രൂപയും എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവയ്ക്ക് 1 ലക്ഷം രൂപയും നീക്കിവെക്കുന്നു. എസ്.സി വിഭാഗത്തിന് വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിന് 80,000/- രൂപയും കിണർ റിപ്പയർ ചെയ്യുന്നതിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു. ഈ ബജറ്റ് പട്ടികജാതി വികസനത്തിനായി ആകെ 15,70,000/രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## ജെൻഡർ വികസവും കുട്ടികളുടെ വികസനവും

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലയായ സാമൂഹികനീതി ഭരണഘടന വിഭാവനം ചെയ്ത സമത്വം, ആശയങ്ങളെ മുൻനിർത്തി പ്രയോഗത്തിൽ വരുത്തുന്നതിന് ഊന്നൽ നൽകിയാണ് നാം ബജറ്റ് തയ്യാറാക്കുന്നത്. നിർമ്മാണത്തിലും, പദ്ധതി നിർവ്വഹണത്തിലും ജെന്റർ

ഓഡിറ്റിംഗിന്റെ സാധ്യത പരമാവധി ഉൾക്കൊള്ളിക്കാൻ നമുക്ക് ആവേണ്ടതുണ്ട്. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾക്കായി 1 ലക്ഷം രൂപയും വുമൺ എക്സറ്റലൻസി സെന്ററിന് 50,000/രൂപയും വനിതാകലോൽസവതതിന് 50,000/-രൂപയും നീക്കിവെക്കുന്നു. ഇതിന് പുറമെ സമഗ്രജെന്റർ വികസനത്തിനായി 3 ലക്ഷം രൂപയും നീക്കിവെക്കുന്നു.

ഒരു പ്രദേശത്തെ കുട്ടികളെ എങ്ങിനെ പരിഗണിക്കുന്നു എന്നത് ആ പ്രദേശത്തിന്റെ സാംസ്ക്കാരിക മുന്നേറ്റത്തിന്റെ സൂചനകമാണ് എന്ന സമീപനം മുൻബജറ്റുകൾ ഉയർത്തിപ്പിടിച്ചത് നാം ഇപ്പോഴും തുടരുന്നു. പ്രദേശത്തിന്റെ ശിശുവിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി കുട്ടികൾ, കൌമരക്കാർ, സാംസ്ക്കാരിക കേന്ദ്രമായും ബന്ധപ്പെട്ട് സ്ത്രീകൾ എന്നിവരുമായി അംഗനവാടികൾ വഴി സമഗ്രഇടപെടലുകളാണ് നടപ്പിലാക്കുന്നത്. പോഷകാഹാര വിതരണത്തിനായി 75 ലക്ഷം രൂപയും, സ്മാർട്ട് അംഗനവാടി നിർമ്മാണത്തിന് 3 ലക്ഷം രൂപയും, ഇല്ലത്ത്താഴ അംഗനവാടി നിർമ്മാണത്തിന് 2.50 ലക്ഷം രൂപയും നീക്കിവെക്കുന്നു. മേമുണ്ടയിലെ ശിശുമന്ദിരം നവീകരനേത്തിന് 1 ലക്ഷംരൂപയും ഇവിടത്തെ കുട്ടികൾക്കുള്ള ഭക്ഷണത്തിനായി 50,000/-രൂപയും നീക്കിവെക്കുന്നു. അംഗനവാടി കലോൽസവം എല്ലാ വർഷയും നമ്മൾ നടത്തി വരികയാണ്. ഈ വർഷവും കലോൽസവ നടത്തിപ്പിനായി 30,000/-രൂപ നീക്കിവെക്കുന്നു. അംഗനവാടികൾക്ക് അനുബന്ധ ചെലവുകള്ക്കായി 1.50,000/-രൂപ വകയിരുത്തുന്നു.

<u>ഭിന്നശേഷി പരിചരണം</u>

ശാരീരിക മാനസിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന ധാരാളം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഭിന്നശേഷിക്കാരോടുള്ള പൊതുജനങ്ങളുടെ സമീപനം കൂടുതൽ സൌഹാർദ്രപരമായി വരുന്നു എന്നത് പ്രതീക്ഷാ നിർഭരമാണ്. ഭിന്നശേഷിക്കാരെ ചേർത്ത് നിർത്താനും അവരുടെ ഉന്നമനത്തിനായി മുൻകാലങ്ങളിലേത് എന്ന

പോലെ നിരവധി പ്രവർത്തനങ്ങളാണ് നാം ഈ വർഷവും ഏറ്റെടുക്കുന്നത്. ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം, വാഹനം വാടകയ്ക്കുമായി 8 ലക്ഷം രൂപയും, ബഡ്സ് സ്കൂൾ കെട്ടിടത്തിൽ വെള്ളം എത്തിക്കുന്നതിന് മോട്ടോറും പൈപ്പും സ്ഥാപിക്കാൻ 1 ലക്ഷം രൂപയും, ബഡ്സ് സ്കൂൾ കുട്ടികളുടെ ഭക്ഷണത്തിനായി 50,000/-രൂപയും നീക്കിവെക്കുന്നു. വിവിധ ഭിന്നശേഷി അനുഭവിക്കുന്നവർക്കുള്ള സ്കോളർഷിപ്പിനായ് 24,50,000/- രൂപയും നീക്കിവെക്കുന്നു. മുൻ വർഷത്തിന്റേതു പോലെ ഭിന്നശേശി കലോൽസവം മികച്ച രീതിയിൽ സംഘടിപ്പിക്കാൻ 50,000/-രൂപയും അനുവദിക്കുന്നു.

## വിദ്യാഭ്യാസം, സാംസ്ക്കാരികം

ഗവ.സ്കൂൾ ഇല്ലാത്തത് വിദ്യാഭ്യാസ രംഗത്ത് ഫണ്ട് അനുവദിക്കുന്നതിന് പരിമിതിയുണ്ട്. എസ്.എസ്.കെ വിഹിതം നല്കുന്നതിനായ് 4 ലക്ഷം രൂപയും, സാംസ്ക്കാരിക നിലയങ്ങളുടെ നവീകരണത്തിനായ് 50,000/രൂപയും തുല്യതാപഠിതാക്കൾക്കുള്ള ഫീസ് നൽകുന്നതിനായ് 25,000/-രൂപയും അനുവദിക്കുന്നു.

## കലാകായികം

വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം കൌമാര യൌവ്വനങ്ങളുടെ ജീവിതം തകർത്തുന്ന ഭീകരമായ അവസ്ഥ ഭീതിജനകമാണ്. ഇതിൽ ആൺ-പെൺ വ്യത്യാസമോ ജാതി-മത-ഭേദമോ ഇല്ല. നിരപരാധികളേയും, സ്വന്തം ബന്ധുമിത്രാദികളെ വരെ അപകടത്തിലാക്കുന്ന വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുകയാണ്. ലഹരിക്കെതിരെയുള്ള ബോധവൽക്കരണവും, ജീവിതമാകുന്ന ലഹരിയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയുമാണ് ഇതിനൊരു പ്രതിവിധി. കലാ കായിക രംഗത്തെ പ്രവർത്തനങ്ങൾ യുവജനങ്ങലെ നേർവഴിക്ക് നയിക്കുന്നതിനും സർഗ്ഗാത്മക യൌവ്വനത്തെ പുറത്തെടുക്കുന്നതിനും നല്ല മാർഗ്ഗമാണ്. ലഹരി വിരുദ്ധ പ്രവർത്തനമായ വിമുക്തിക്ക് 25,000/-രൂപ വകയിരുത്തുന്നു. കായികമേഖലയിലെ പ്രോത്സാഹനത്തിന് അടിസ്ഥാനസൌകര്യ വികസനം അത്യാന്താപേക്ഷിതമാണ്.

പഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറായി വരികയാണ്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറ്റ്യാടി എം.എൽ.എ ശ്രീ. കുഞ്ഞമ്മദ്കുട്ടി മാസ്റ്ററുടെ ആസ്തി വികസനഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പൂർത്തീകരണത്തിനായി 20 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു. ജനകീയ പങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും ഒരു കളിസ്ഥലം ഉയർന്നുവരണം എന്നതാണ് സർക്കാറിന്റെയും, പഞ്ചായത്തിന്റെയും നയ സമീപനം. ഇതിനുള്ള പ്രോത്സാഹനം എന്ന നിലയിൽ 1 ലക്ഷം രൂപ വകയിരുത്തുന്നു. സ്പോർട്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതായി (സമുച്ചയം) 50,000/- രൂപയും കുട്ടികൾക്ക് കായിക പരിശീലനത്തിന് 50,000/- രൂപയും വകയിരുത്തുന്നു. വർഷങ്ങളായി മികച്ച നിലയിൽ കേരളോത്സവം സംഘടിപ്പിച്ചുവരികയാണ്. ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ വില്ല്യാപ്പള്ളി പഞ്ചായത്തിലെ താരങ്ങൾ സമ്മാനങ്ങൾ നേടി വരുന്നു. കേരളോത്സവം നടത്തിപ്പിനായി 1.50,000/-രൂപ അനുവദിക്കുന്നു.

## ആരോഗ്യം

ആരോഗ്യപരിപാലന രംഗത്ത് ഇന്ത്യയിലെ ഏറ്റവു മികച്ച സംസ്ഥാനമെന്ന നിലയിലേക്ക് കേരളം ഉയർന്ന എന്നത് അവിതർക്കിതാണ്. ഈ മേഖലയിലെ എല്ല സൂചകങ്ങളിലും കേരളം ഒന്നാം സ്ഥാനത്ത് തന്നെയാണ വികസിത രാജ്യങ്ങളോട് കിടപിടിക്കു ആരോഗ്യനിലവാരം കൈവരിക്കാൻ കേരളത്തി കഴിഞ്ഞിട്ടുണ്ട്. സബ്സെന്ററുകൾ മുതൽ മെഡിക്ക കോളേജ് വരെയുള്ള വിപുലമായ ആരോഗ്യപരിചര സംവിധാനം കേരളം മാതൃകയാണ്. വില്ല്യാപ്പള എഫ്.എച്ച്.സി, നാല് സബ്സെന്ററുകൾ, ഹോമിയോ ഡിസ്പെൻസറി. ആയുർവ്വേദ ഡിസ്പെൻസറിയും, ആ പാലിയേറ്റീവ് സംഘങ്ങളും അടങ്ങുന്ന സംവിധാനമാണ് നമ്മുടെ പഞ്ചായത്തിൽ ആരോഗ്യരംഗ പ്രവർത്തിക്കുന്നത്. എഫ്.എച്ച്.സി-യിൽ മരുന്നിന് 4 ലക രൂപയും, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് 2 ലക

രൂപയും, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 9ലക്ഷം രൂപയും, സ്നേഹസ്പർശം പദ്ധതിക്ക് 4 ലക്ഷം രൂപയും വകയിരുത്തുന്നു. എഫ്.എച്ച്.സി-യ്ക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങുന്നതിന് 1 ലക്ഷം രൂപയും, കണ്ടീജെന്റ് ചെലവുകൾക്കായ് 1.50,000/-രൂപയും നീക്കിവെക്കുന്നു. ആർദ്രം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായ് 6 ലക്ഷം രൂപയും, കീഴൽ സബ്സെന്റർ ഇന്റർലോക്ക്, ചുറ്റുമതിൽ, ഷീറ്റിടൽ പ്രവർത്തിക്കായ് 5 ലക്ഷം രൂപയും വകയിരുത്തുന്നു.

പഞ്ചായത്ത് ആയുർവ്വേദ ഡിസ്പെൻസറി മികച്ച നിലവാരത്തിൽ പ്രവർത്തിച്ചുവരികയാണ്. ജീനക്കാരുടെ നല്ല ഇടപെടൽ ഇതിന് പിറകിലുണ്ട്. ആയുർവ്വേദ ആശുപത്രിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ യോഗപരിശീലനം ഫലപ്രദമായി നടന്നുവരികയാണ്. ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങാൻ 6 ലക്ഷം രൂപയും, ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കുന്നതിന് 1 ലക്ഷം രൂപയും, കണ്ടീജൻസി ചെലവുകൾക്കായി 50,000/-രൂപയും, ആശുപത്രി മെയിന്റനൻസിന് 5 ലക്ഷം രൂപയും അനുവദിക്കുന്നു.

ഹോമിയോ ആശുപത്രിയുടെ ഭൌതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് 2 ലക്ഷം രൂപയും, മരുന്ന് വാങ്ങുന്നതിന് 2 ലക്ഷം രൂപയും നീക്കിവെക്കുന്നു.

<u>മാലിന്യമുക്ത നവകേരളത്തിലേക്ക്</u>

2024 മാർച്ച് 31 ഓടുകൂടി കേരളം സംമ്പൂർണ്ണ വലിച്ചെറിയൽ മുക്ത കേരളമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. 2025 മാർച്ച് 31 ഓടുകൂടി സംമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുകയാണ്. ഇതിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും പടിപടിയായി നടന്നുവരികയാണ്. പഞ്ചായത്തിലെ സ്ഥാപനങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, അംഗനവാടികൾ, സ്കൂളുകൾ, കോളേജുകൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ സംമ്പൂർണ്ണ ശുചിത്വ കേരളമായി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. വാർഡുതല ശുചിത്വപ്രഖ്യാപനത്തിലേക്കും

തുടർന്ന പഞ്ചായത്ത്തല പ്രഖ്യാപനത്തിലേക്കും കടക്കുകയാണ്. വലിച്ചെറിയൽ മുക്ത ക്യാമ്പയിനായി 50,000/രൂപയും, മുഴുവൻ വീടുകളിലും കംമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായ് 30,42,500/-രൂപ അനുവദിക്കുന്നു. പൊതു തോടുകളുടെ നവീകരണത്തിന് 15,32,500/-രൂപ അനുവദിക്കുന്നു ഡ്രെയിനേജുകളുടെ ശുചീകരണത്തിന് 1ലക്ഷംരൂപയും, റെട്രോഫിറ്റിംഗ്/കക്കൂസ് റിപ്പയറിംഗിന് 60,000/-രൂപയും അനുവദിക്കുന്നു. പൊതു ഇടങ്ങളിൽ സൈൻ ബോർഡുകളും, ശുചിത്വ ബിന്നുകളും സ്ഥാപിക്കുന്നതിനായി 3,90,000/-രൂപയും അനുവദിക്കുന്നു. ശുചിത്വമേഖലയിലെ പ്രാധാന്യം കണക്കിലെടുത്ത് ആകെ 51,75,000/-രൂപയാണ് നീക്കിവെക്കുന്നത്.

## കുടിവെള്ളം

എല്ലാവർക്കും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജലജീവൻ പ്രവൃത്തി നമ്മുടെ പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ നിരവധി പ്രാദേശിക കുടിവെള്ള പദ്ധതികൾ വഴി പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് വലിയൊരളവിൽ പരിഹാരം കാണാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ചില കുടിവെള്ള പദ്ധതികൾക്ക് നവീകരണം ആവശ്യമുണ്ട്. ഇതിനായി 15 ലക്ഷം രൂപ നീക്കിവെക്കുന്നു. ജനറൽ വിഭാഗത്തിന്റെ കിണർ റിപ്പയറിന് 2 ലക്ഷം രൂപയും വരൾച്ചാ കാലങ്ങളിലെ കുടിവെള്ള വിതണത്തിന് 4 ലക്ഷം രൂപയും നീക്കിവെക്കുന്നു.

## ജൈവവൈവിദ്ധ്യ സംരക്ഷണം പരിസ്ഥിതി സംരക്ഷണം ദുരന്തനിവാരണം

പരിസ്ഥിതി സംരക്ഷണം എന്നത് ഓരോ വ്യക്തി മുതൽ അന്താരാഷ്ട്ര സമൂഹം വരെ ഒരേ മനസ്സോടെ കണ്ണി ചേർന്ന് പ്രവൃത്തിക്കുമ്പോൾ സാധ്യമാകുന്ന ഒരു മേഖലയാണ്. ആഗോളതാപനവും, കാലാവസ്ഥ വ്യതിയാനവും ഇവരുടെയെല്ലാം ഉത്തരവാദിത്വവും, കടമയുമാണ്. ഉൽപ്പാദനത്തിന്റെയും, ഉപഭോഗത്തിന്റെയും, സംസ്ക്കാര ഇതിനെല്ലാം വെല്ലുവിളിയായി നിലനിൽക്കുകയു ചെയ്യുന്നു. അതോടൊപ്പം തന്നെ ലോകത്തിന്റെ വിവി

ഭാഗങ്ങളിൽ ഉയർന്നു വരുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രതീക്ഷയും ഉണർത്തുന്നുണ്ട്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിദ്ധ്യ രജിസ്റ്റർ, രണ്ടാം ഭാഗം പൂർത്തിയായി പ്രസിദ്ധീകരണത്തിന് ഒരുങ്ങുകയാണ്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കും, ഡിജിറ്റലൈസേഷനും വേണ്ടി 1ലക്ഷംരൂപ വകയിരുത്തുന്നു. പ്രധാന റോഡുകളുടെ സൌന്ദര്യവൽക്കരണത്തിന് 1.50,000/- രൂപയും, ഹാപ്പിനസ് പാർക്ക് നിർമ്മിക്കുന്നതിന് 1 ലക്ഷം രൂപയും, ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങൾക്ക് 1ലക്ഷംരൂപയും അനുവദിക്കുന്നു.

## അടിസ്ഥാന സൌകര്യ വികസനം

പഞ്ചായത്തിലെ അടിസ്ഥാന സൌകര്യങ്ങളുടെ വികസനം ജനങ്ങൾക്ക് തൊഴിൽ വരുമാന വർദ്ധനവ്, മെച്ചപ്പെട്ട സേവനം, സാമൂഹ്യസുരക്ഷ എന്നിവ കൈവരിക്കുന്നതിന് നിർണ്ണായകമാണ്. മെച്ചപ്പെട്ട ഗതാഗത സൌകര്യങ്ങൾ ഇതിലെയൊരു പ്രധാന ഘടകമാണ്. നമ്മുടെ പഞ്ചായത്തിലെ നിലവിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായ് 1 കോടി 30 ലക്ഷം രൂപയും, പുതിയ റോഡുകൾക്കായി 77 ലക്ഷം രൂപയും ചേർത്ത് 2കോടി 7 ലക്ഷം രൂപ നീക്കിവെക്കുന്നു. വില്ല്യാപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് പുതുതായി നിർമ്മിക്കുന്നതിന് 3 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഷോപ്പിംഗ്കോംപ്ലക്സ് ഓഡിറ്റോറിയം നവീകരണത്തിന് 1ലക്ഷം രൂപ വകയിരുത്തുന്നു. പുതിയ പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിന് 2 കോടി 90 ലക്ഷം രൂപ വകയിരുത്തുന്നു. വില്ല്യാപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ പരിഷ്ക്കരണത്തിന് 2 ലക്ഷംരൂപയും, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിനായി 2 ലക്ഷം രൂപയും, സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിന് 2 ലക്ഷം രൂപയും അനുവദിക്കുന്നു.

## സേവനം കാര്യക്ഷമതയോടെ

പഞ്ചായത്തിലെ ജനങ്ങൾക്ക് ഫലപ്രദവും, സമയബന്ധിതവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന്

നമ്മൾ പ്രതിജ്ഞാബദ്ധരാണ്. പഞ്ചായത്ത് ഓഫീ
പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയ കെട്ടി
നിർമ്മിക്കാനുള്ള പദ്ധതികൾ അതിവേഗം മുന്നേറുന്നു
നിലവിലെ പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്ക
നിലനിർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ
20,000/-രൂപയും, ആവശ്യമായ ഓഫീസ് ഫർണ്ണിച്ച
വാങ്ങുന്നതിന് 50,000/രൂപയും അനുവദിക്കുന്ന
ഘടകസ്ഥാപനങ്ങൾ ഐ.എസ്.ഒ നിലവാരത്തിലേ
ഉയർത്തുന്നതിനായി 50,000/-രൂപയും, വികസനരേ
തയ്യാറാക്കുന്നതിനായി 2 ലക്ഷം രൂപയും, ഐ.കെ.എ
വിഹിതം നൽകുന്നതിന് 90,000/-രൂപയും,ദൃഷ്ടി ആ
കാലാനുസൃതമാക്കുന്നതിന് 50,000/- രൂപയ
അനുവദിക്കുന്നു. പദ്ധതി രൂപീകരണം, നിർവ്വണ
മോണിറ്ററിംഗ് ചെലവുകൾക്കായ് 2 ലക്ഷം രൂപയു
കമ്പ്യൂട്ടറുകളുടെ എ.എം.സി നടപ്പിലാക്കുന്നതിനാ
1ലക്ഷംരൂപയും, പഞ്ചായത്ത് ഓഫീസ് ഇന്റർലോക്
പതിക്കാൻ 1ലക്ഷംരൂപയും, പഞ്ചായത്ത് ഓഫീസി
ഇൻവർട്ടർ/ജനറേറ്റർ സ്ഥാപിക്കുന്നതിന് 1ലക്ഷംരൂപയു
ശൌചാലയം അറ്റകുറ്റപണിക്ക് 50,000/- രൂപയ
വകയിരുത്തുന്നു.